**പതിമൂന്നാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത** | **15.02.2013 – ൽ** |
| **ചോദ്യം നം.3199** | **മറുപടിക്ക്** |

**റെയിൽവേ ഗേറ്റുകൾക്ക് മേൽപ്പാലം നിർമ്മിക്കാൻ നടപടി**

| **ചോദ്യം**<br>**ശ്രീ. കെ. കുഞ്ഞിരാമൻ**<br>**(ഉദുമ)** | | **ഉത്തരം**<br>**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മലബാർ മേഖലയിൽ നാഷണൽ ഹൈവേയിൽ വരുന്ന ഏതൊക്കെ റെയിൽവേ ഗേറ്റുകൾക്കാണ് മേൽപ്പാലങ്ങൾ ഇല്ലാത്തതെന്ന് വിശദമാക്കുമോ; | (എ) | ദേശീയപാത 17 -ൽ കണ്ണൂർ ഡിവിഷന്റെ കീഴിൽ നടാൽ (166/400), താഴെ ചൊവ്വ (160/700), നീലേശ്വരം -പള്ളിക്കര (96/00) കി.മീ. ദേശീയപാത 213 ൽ അങ്ങാടിപ്പുറം എന്നീ റെയിൽവേ ഗേറ്റുകൾക്ക് മേൽപ്പാലങ്ങളില്ല. |
| (ബി) | പ്രസ്തുത സ്ഥലങ്ങളിൽ റെയിൽ ഓവർബ്രിഡ്ജ് (ആർ.ഒ.ബി) നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാർ സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ; | (ബി) | നീലേശ്വരം - പള്ളിക്കര റെയിൽവേ ഓവർബ്രിഡ്ജിന്റെ സ്ഥലമെടുപ്പ് പ്രവൃത്തികൾ പൂർത്തീകരിച്ചതാണ്. |
| (സി) | എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഇതിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ല. |
| (ഡി) | സ്ഥലം നൽകിയിട്ടും ആർ.ഒ.ബി യുടെ നിർമ്മാണം തുടങ്ങാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ; | (ഡി) | പ്രസ്തുത പ്രവൃത്തിയ്ക്ക് അംഗീകാരം ലഭിക്കാത്തതിനാലാണ് നിർമ്മാണം തുടങ്ങാതിരുന്നത്. എൻ.എച്ച്.ഡി.പി. പദ്ധതി പ്രകാരം ദേശീയപാത നാലുവരിയാക്കുന്ന പ്രവൃത്തി യോടൊപ്പം പ്രസ്തുത മേൽപ്പാലത്തിന്റെ പണി ഏറ്റെടുക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ